# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 26**

---

### പ്രഫ. സാബു തോമസിന് പുരസ്കാരം

കരിയർ 360യുടെ ഫാക്കൽറ്റി റിസർച്ച് പുരസ്കാരത്തിന് മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് തിരഞ്ഞെടുക്കപ്പെട്ടു. മെറ്റീരിയൽ സയൻസ് വിഭാഗത്തിലാണ് പുരസ്കാരം.

ഇദ്ദേഹം ഉൾപ്പെടെ വിവിധ ഗവേഷണ മേഖലകളിലെ 27 പേർക്ക് ഒക്ടോബർ ആറിന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ 50000 രൂപയും ഫലകവും ഉൾപ്പെടുന്ന പുരസ്കാരം സമ്മാനിക്കും.

ഹരിയാന ആസ്ഥാനമായി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കരിയർ 360 ഗവേഷണ മേഖലയിലെ മികവ് വിലയിരുത്തിയാണ് പുരസ്കാരങ്ങൾ നിർണയിച്ചത്. 1400ലധികം ഗവേഷണ പബ്ലിക്കേഷനുകളുള്ള പ്രഫ. സാബു തോമസിന്റെ എച്ച് ഇൻഡക്സ് 137 ആണ്. 91045 സൈറ്റേഷനുകളുമുണ്ട്.

ഈ വർഷം മേയിൽ വിരമിച്ച ഇദ്ദേഹം നിലവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവയുടെ ഡയറക്ടറാണ്.

(പി.ആർ.ഒ/39/1158/2023)

### ചെറു ധാന്യങ്ങളുടെ പ്രാധാന്യം; ദേശീയ സെമിനാറിന് രജിസ്റ്റർ ചെയ്യാം

ഭക്ഷ്യസുരക്ഷ, പോഷണം, സുസ്ഥിര കൃഷി എിവയിൽ ചെറു ധാന്യങ്ങളുടെ

പ്രാധാന്യം സംബന്ധിച്ച ദേശീയ സെമിനാർ ഒക്ടോബർ 12ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.

സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസും ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടി വൈസ് ചാൻസലർ സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നേളജി വിഭാഗം മേധാവി ഡോ. എസ്. കാർത്തികേയൻ, ഇതേ കേന്ദ്രത്തിലെ ഡോ. പി. ഗീത, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നോഡൽ ഓഫീസർ ഡോ. ജെ.ബി. ദിവ്യ തുടങ്ങിയവർ പ്രഭാഷണം നടത്തും.

സെമിനാറിൽ പങ്കെടുക്കുന്നതിന് ഒക്ടോബർ ആറു വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം. ഫോൺ: 9497322670, 9567527657. ഇ മെയിൽ- sfstmillet2023@gmail.com

(പി.ആർ.ഒ/39/1159/2023)

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല സെപ്റ്റംബർ 28ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/1160/2023)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്സി(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി, 2018-2020 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2012-2015 അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ ഒൻപതിന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

......................

അഫിലിയേറ്റഡ് കോളജുകളുടെ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി കോഴ്സുകളുടെ ആറാം സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 10ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ

......................

നാലാം സെമസ്റ്റർ എം.എ സിറിയക്(സി.എസ്.എസ് - 2020,2021 അഡ്മിഷനുകൾ

റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ഒക്ടോബർ 16ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

......................

ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി 2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി(2010 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ ഒൻപതിന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1161/2023)

## <u>പരീക്ഷകൾക്ക് അപേക്ഷിക്കാം</u>

ഒക്ടോബർ 13ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ (2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ മൂന്നു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ നാലിനും സൂപ്പർഫൈനോടു കൂടി ഒക്ടോബർ അഞ്ചിനും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

.......................

ഒക്ടോബർ 10ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്,സി മെഡിക്കൽ ഡോക്യുമെൻറേഷൻ(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെൻറേഷൻ(20122015 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2010-2011 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് സെപ്റ്റംബർ 30 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഒക്ടോബർ മൂന്നു വരെയും സൂപ്പർഫൈനോടു കൂടി ഒക്ടോബർ നാലിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1162/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ജിയോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 29ന് വിവിധ കോളജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ്(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ഒൻപതു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

.............................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് - സ്പേസ് സയൻസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരിക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ ബി.എസ്.സി സുവോളജി (മോഡൽ 1,2,3 - കോർ,കോംപ്ലിമെൻററി,വൊക്കേഷണൽ) (സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ മുതൽ വിവിധ കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1163/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്-മെറ്റീരിയൽ സയൻസ്(2021 അഡ്മിഷൻ റഗുലർ - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 10 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1164/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**